പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 917 20.03.2013 -ൽ മറുപടിക്ക്.

പത്ര പ്രവർത്തകർക്ക് ക്ഷേമനിധി ബോർഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പത്ര പ്രവർത്തകർക്കായി നാളിതുവരെ ഒരു ക്ഷേമനിധി ബോർഡ് രൂപീകൃതമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കഴിഞ്ഞ സർക്കാർ പത്ര പ്രവർത്തകർക്കായി ക്ഷേമനിധി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആയതിന്റെ തുടർനടപടികളൊന്നും ഈ സർക്കാർ നടത്തിയിട്ടില്ല, ഇതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി)യും (സി) യും (ഡി) യും പ്രാദേശിക പത്ര പ്രവർത്തകർക്ക് ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിലേക്കായി ഒരു കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ഇതു സംബന്ധിച്ച് തുടർ ചർച്ചകൾ നടന്നുവരികയുമാണ്. |
| (സി) പത്ര പ്രവർത്തന രംഗത്ത് നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയായ സംസ്ഥാനത്തെ പത്ര പ്രവർത്തകരുടെയും പത്ര ജീവനക്കാരുടെയും വളരെക്കാലത്തെ ആവശ്യമായ ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനു തയ്യാറാകുമോ ; | |
| (ഡി) എങ്കിൽ എന്നത്തേക്ക് പത്ര പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകൃതമാകും എന്ന് വ്യക്തമാക്കാമോ ? | |

സെക്ഷൻ ആഫീസർ.